ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2025

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

**95-ാം പുനരൈക്യവാർഷികവും സഭാസംഗമവും**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭ 95-ാം പുനരൈക്യവാർഷികവും സഭാസംഗമവും 2025 സെപ്തംബർ 20 ന് ആഘോഷിക്കുകയാണല്ലോ. ധന്യൻ മാർ ഈവാനിയോസ് പിതാവിനാൽ പുനരൈക്യദീപം തെളിയിക്കപ്പെട്ടിട്ട് 95 വർഷം പൂർത്തിയാകുന്നു. ദൈവത്തിന്റെ കരുണയും സ്നേഹവും എത്രമാത്രം വലുതാണെന്ന് നമ്മുടെ സഭയിലൂടെ നാം അനുഭവിച്ചറിയുന്നു. നമ്മെ കരുതുന്ന, വഴിനടത്തുന്ന ദൈവത്തിന് സഭയായി നന്ദി പറയാനുള്ള അവസരമാണല്ലോ പുനരൈക്യവാർഷികാഘോഷങ്ങൾ. 95-ാം പുനരൈക്യവാർഷികത്തിന് ആതിഥേയത്വം വഹിക്കുന്നത് പത്തനംതിട്ട ഭദ്രാസനമാണ്. സെപ്തംബർ 16 മുതൽ 20 വരെ വിവിധ പരിപാടികളോടെ പുനരൈക്യ വാർഷികാഘോഷങ്ങൾ ക്രമീകരിച്ചിരിക്കുന്നു. നമ്മുടെ സഭയേയും സഭാശുശ്രൂഷകളെയും ശക്തിപ്പെടുത്തി നയിക്കുന്ന ദൈവകരുണയ്ക്കുമുമ്പിൽ നമ്മെത്തന്നെ സമർപ്പിക്കാം.

കഴിഞ്ഞ 95 വർഷം ഏറെ അനുഗ്രഹത്തിന്റെ കാലയളവായിരുന്നു. സഭാശുശ്രൂഷയ്ക്കായി സ്വയം സമർപ്പണം ചെയ്ത നമ്മുടെ പുണ്യ

പിതാക്കന്മാരുടെ, വൈദികരുടെ, സന്യസ്തരുടെ, അൽമായ പ്രേഷിതരുടെ ധന്യമായ ജീവിതത്തെ ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കാം.

നമ്മുടെ സഭയ്ക്ക് ദൈവം നൽകിയിരിക്കുന്ന പരമപ്രധാനമായ ദൗത്യമാണ് പുനരൈക്യ പരിശ്രമങ്ങളും സഭൈക്യ ശുശ്രൂഷയും. വിവിധ സഭാസമൂഹങ്ങളെ ഒന്നിപ്പിക്കുന്ന ദൗത്യത്തിൽ നമ്മുടെ സഭ നൽകുന്ന ശുശ്രൂഷകൾ ഏറെ പ്രധാനപ്പെട്ടതാണ്. അനൈക്യം എന്നും എപ്പോഴും സമൂഹമധ്യേ വിരുദ്ധ സാക്ഷ്യമാണ് നൽകുക. രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ബോധനം ഏറെ പ്രസക്തമാണ്: "പല ക്രിസ്തീയ സമൂഹങ്ങളും മിശിഹായുടെ യഥാർത്ഥ പിൻതുടർച്ചക്കാരായി തങ്ങളെത്തന്നെ മനുഷ്യരുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്... എന്നാൽ വ്യത്യസ്ത കാഴ്ചപ്പാടുകൾ പുലർത്തുകയും മിശിഹാ തന്നെ വിഭജിക്കപ്പെട്ടാലെന്നപോലെ വിഭിന്ന മാർഗങ്ങളിലൂടെ വ്യാപരിക്കുകയും ചെയ്യുന്നു. തീർച്ചയായും ഈ വിഭജനം മിശിഹായുടെ തിരുമനസിനു വിരുദ്ധവും ലോകത്തിന് ദുർമാതൃക നൽകുന്നതും സർവസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുക എന്ന അതിവിശുദ്ധമായ ദൗത്യത്തിന് ക്ഷതമേല്പിക്കുന്നതുമാണ്" (UR 1). ഐക്യത്തിന്റെ പാലം പണിയുക എന്ന ഉത്തരവാദിത്വത്തെകുറിച്ച് ഉൾകാഴ്ച നേടാനുള്ള അവസരമാകട്ടെ പുനരൈക്യവാർഷിക ആഘോഷങ്ങൾ.

**95-ാം പുനരൈക്യവാർഷിക ആഘോഷങ്ങൾ**

95-ാം പുനരൈക്യ വാർഷികം 2025 സെപ്തംബർ 16 മുതൽ 20 വരെ അടൂർ മാർ ഈവാനിയോസ് നഗറിൽ (ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ) ക്രമീകരിക്കുന്നു. പത്തനംതിട്ട ഭദ്രാസനത്തിന്റെ അതിഥേയത്വത്തിൽ ക്രമീകരിക്കുന്ന പുനരൈക്യ വാർഷികാഘോഷവും സഭാസംഗമവും ഏറെ അനുഗ്രഹപ്രദമാകുന്നതിനായി ഏവരും പ്രാർത്ഥിക്കണം. 2010ൽ സ്ഥാപിതമായ പത്തനംതിട്ട ഭദ്രാസനത്തിലൂടെ സഭയ്ക്കും സമൂഹത്തിനും കരഗതമായ അനുഗ്രഹങ്ങളെ ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുന്നു. പുനരൈക്യ വാർഷിക സഭാസംഗമ ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായെയും, മുൻ അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്തായേയും, ബഹു. വൈദികരെയും, സന്യസ്തരെയും ദൈവജനത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. ആഘോഷമായ പരിശുദ്ധ കുർബാന, പരി. കുർബാനയുടെ ആരാധന, വചന പ്രഘോഷണം, വിവിധ സംഗമങ്ങൾ, എന്നിവയിൽ നിങ്ങളേവരുടെയും

സജീവ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് പ്രത്യേകം ഓർമിപ്പിക്കട്ടെ. ഈ വർഷം വ്യത്യസ്തമായി പൊതുക്രമീകരണത്തിന് വരുത്തിയിരിക്കുന്ന മാറ്റങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. സെപ്തംബർ 16, ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്ക് വിവിധ പ്രയാണങ്ങൾക്ക് സ്വീകരണവും ഗാനസന്ധ്യയും നടത്തപ്പെടുന്നു. 17 ബുധൻ, 18 വ്യാഴം എന്നീ ദിവസങ്ങളിൽ വൈകുന്നേരം 5.30 മുതൽ 8 വരെ ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചൻ നേതൃത്വം നൽകുന്ന വചനപ്രഘോഷണവും വി. കുർബാനയുടെ ആരാധനയും ക്രമീകരിച്ചിരിക്കുന്നു. 19-ന് വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 1.30 മുതൽ 4.30 വരെ വിവിധ ഭക്തസംഘടനകളുടെ സംഗമങ്ങളും വൈകുന്നേരം 5.30-ന് നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികാഘോഷ സമ്മേളനവും ക്രമീകരിച്ചിരിക്കുന്നു. 20 -ന് ശനിയാഴ്ച രാവിലെ 8.30-ന് ആഘോഷമായ വി. സമൂഹബലിയും ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷ സമാപന സമ്മേളനവും ക്രമീകരിച്ചിരിക്കുന്നു. മെത്രാഭിഷേക ശതാബ്ദി സമാപനസമ്മേളനം ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണ്. തുർന്നുള്ള സ്നേഹവിരുന്നോടെ 2025-ലെ പുനരൈക്യ വാർഷിക - സഭാസംഗമം പൂർണമാകും.

**പുനരൈക്യ ശതാബ്ദി - ആരാധനാക്രമ വർഷ ഉദ്ഘാടനം**

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2030 സെപ്തംബർ 20-ന് പുനരൈക്യ ശതാബ്ദി ആഘോഷിക്കുന്നതിനായി ഒരുങ്ങുകയാണല്ലോ. കഴിഞ്ഞ വർഷം മുതൽ സഭയുടെ നവീകരണത്തിനും ആത്മീയ വളർച്ചയ്ക്കുമായി വിവിധ കർമ്മപദ്ധതികൾ നടത്തിവരുന്നു. 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ വചനവർഷമായി നാം ആചരിക്കുന്നു. സജീവവും ജീവദായകവുമായ വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിചെല്ലാനും വചനാധിഷ്ഠിതമായ ജീവിതശൈലി ക്രമപ്പെടുത്താനും വചനവർഷാചരണത്തിലൂടെ നമുക്ക് സാധ്യമായി. 2025 സെപ്തംബർ 20 മുതൽ 2026 സെപ്തംബർ 19 വരെ ആരാധനക്രമ വർഷമായി നാം ആചരിക്കുന്നു. ആരാധനയെകുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഇല്ലെങ്കിൽ ആരാധനാക്രമം അനുഷ്ഠാനം മാത്രമായി തരംതാഴും. ആരാധനാക്രമത്തെകുറിച്ച് സഭാമക്കൾക്ക് വ്യക്തമായ അറിവും ബോധ്യവും ആരാധനയിലൂടെ ആഴപ്പെട്ട ദൈവാനുഭവവും നൽകാൻ ആരാധനാക്രമ വർഷം ലക്ഷ്യംവയ്ക്കുന്നു.

“ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക” (യോഹ 4:24) എന്നതാണ് ആരാധനാക്രമ വർഷാചരണത്തിന്റെ പഠനവിഷയം. ആരാധനാക്രമത്തിലധിഷ്ഠിതമായ ആധ്യാത്മികത നമ്മുടെ സഭയുടെ

ആത്മികതയുടെ അടിത്തറയാണ്. "എല്ലാ വിശ്വാസികളെയും ആരാധനാഘോഷത്തിലെ ബോധപൂർവകവും സജീവവും പൂർണവുമായ ഭാഗഭാഗിത്വത്തിലേക്ക് ആനയിക്കാൻ സഭാമാതാവ് തീവ്രമായി അഭിലഷിക്കുന്നു. പുനരൈക്യ സഭാസംഗമ വേദിയിൽ ആരാധനാക്രമ വർഷം ഉദ്ഘാടനം ചെയ്യപ്പെടും. വിശ്വാസ വളർച്ചയും വിശുദ്ധീകരണവും ആരാധനാക്രമ വർഷാചരണത്തിലൂടെ സാധ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**മുഖ്യാതിഥി**

95-ാം പുനരൈക്യ വാർഷികാഘോഷത്തിലെ മുഖ്യാതിഥി അന്തോക്യൻ സുറിയാനി കത്തോലിക്കാ സഭാധ്യക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ഇഗ്നാത്തിയോസ് യൂനാൻ പാത്രിയർക്കീസ് ബാവായാണ്. പാത്രിയർക്കീസ് ബാവായോടൊപ്പം മെത്രാപ്പോലിത്താമാരും വൈദികരും അത്മായരും അടങ്ങിയ സുറിയാനി കത്തോലിക്കാ സഭാ പ്രതിനിധി സംഘവും മലങ്കരയിൽ എത്തുന്നതാണ്. കോട്ടയത്ത് സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് സെന്ററിന്റെ 40-ാം വാർഷികാഘോഷങ്ങളിലും അത്യഭിവന്ദ്യ പാത്രിയർക്കീസ് ബാവാ തിരുമേനി സംബന്ധിക്കുന്നുണ്ട്.

**സഹോദരീ സഭകളുടെ സാന്നിധ്യം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആഭിമുഖ്യത്തിൽ നിഖ്യാ സുന്നഹദോസിന്റെ 1700-ാമത് വാർഷികം പുനരൈക്യവാർഷിക വേദിയിൽ ആഘോഷിക്കുന്നതാണ്. പ്രസ്തുത പ്രാർഥനാ ശുശ്രൂഷയിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ എപ്പിസ്കോപ്പൽ സഭകളിൽ നിന്ന് പ്രതിനിധികളായി മെത്രാപ്പോലീത്താമാർ സംബന്ധിക്കുന്നതാണ്.

നമ്മുടെ എല്ലാ ഭദ്രാസനങ്ങളിൽനിന്നും മിഷൻ കേന്ദ്രങ്ങളിൽ നിന്നും സമർപ്പിത ഭവനങ്ങളിൽനിന്നും സാധിക്കുന്നവരെല്ലാം 2025 സെപ്തംബർ 20ന് അടൂർ ഓൾ സെയിന്റ്സ് പബ്ലിക് സകൂൾ അങ്കത്തിൽ (മാർ ഈവാനിയോസ് നഗർ) നടത്തപ്പെടുന്ന പുനരൈക്യ വാർഷികാഘോഷങ്ങളിൽ സജീവമായി പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് ഏവരേയും സ്നേഹപൂർവം ഞാൻ ഉദ്ബോധിപ്പിക്കുന്നു. പുനരൈക്യ വാർഷികദിനത്തിലെ വി. കുർബാനയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച ഈ വർഷത്തെ പുനരൈക്യവാർഷികത്തിന് ആതിഥേയത്വം വഹിക്കുന്ന പത്തനംതിട്ട ഭദ്രാസനത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുന്നതാണ്. വി. കുർബാനയിൽ സംബ

ന്ധിക്കുന്ന ആരാധനാസമൂഹം മുഴുവൻ ഈ സമർപ്പണത്തിന് തയ്യാറായി വരണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമിപ്പിക്കുന്നു. നമ്മുടെ കൂടിവരവിനെ സഭാസ്നേഹത്തിന്റെ സജീവസാക്ഷ്യമായി വളർന്നുവരുന്ന തലമുറയിലേക്ക് പകർന്നുനൽകാം. വാർഷികാഘോഷങ്ങളിലെ ചെലവുകളിലേയ്ക്ക് ഊഷ്മളമായി സഹായം നൽകാൻ ഏവരേയും ഞാൻ ഉദ്ബോധിപ്പിക്കുന്നു.

പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിയിലേക്ക് ഉത്സാഹത്തോടെ ഒരുങ്ങുന്ന നമുക്ക് ഭാരതത്തിലും സാർവത്രിക സഭയിലും ക്രൈസ്തവ ഐക്യ ശുശ്രൂഷാ മേഘലകളിലും ദൈവരാജ്യത്തിന്റെ കെട്ടുപണിയിലും സജീവമായ സമർപ്പണവും സാക്ഷ്യവും നൽകുവാനുണ്ട് എന്നത് ഗൗരവായി ഓർക്കാം. ശക്തമായ ആദ്ധ്യാത്മിക ജീവിതത്തിന്റെ പിൻബലമാണ് പ്രധാനം. നിന്റെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും സർവശക്തിയോടും കൂടെ ദൈവത്തെ സ്നേഹിക്കുക എന്ന ദൈവകൽപന നമുക്ക് ഒന്നാമത്തെ പാഠമാകട്ടെ. 95-ാമത് പുനരൈക്യ വാർഷികം അതിന് നിങ്ങളേവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ.

ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെയും അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
19.08.2025

*N.B:* *ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*